# വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം

എന്താണ് വിക്ടോറിയാ ജലപാതം? അംഗോളയുടെ മലകളിൽനിന്ന് കാടിറങ്ങി വരുന്ന സാംബസിനദി അനവധി പോഷകനദികളുടെ ജലത്താൽ പെരുകി, സാംബിയയുടെ സമതലങ്ങളിൽ അതിവിശാലമായ പ്രവാഹമായി പരന്നൊഴുകി, തെക്ക് സിംബാബ്‌വേയുടെ അതിർത്തിയിൽവച്ച്, ഏതാണ്ട് 350 അടി താഴ്ചയും ഒന്നേമുക്കാൽ കിലോമീറ്റർ വീതിയുമുള്ള ഒരു പാറപ്പിളർപ്പിലേക്ക്, ഭൂമി കുലുക്കിക്കൊണ്ടും ഗർജിച്ചുകൊണ്ടും ഭൂമുഖത്തെ ഏറ്റവും വലിയ, വീഴുന്ന ജലപാളി വിടർത്തിക്കാണിച്ച് നമ്മെ നടുക്കിക്കൊണ്ടും സ്വയം ചൊരിയുന്ന അവിശ്വസനീയമായ കാഴ്ചയാണ് വിക്ടോറിയാ വെള്ളച്ചാട്ടം. മത്സ്യങ്ങളെയും മുതലകളെയും തോണികളെയുമേന്തിയും മേഘങ്ങളെയും പക്ഷികളെയും സൂര്യനെയും നക്ഷത്രങ്ങളെയും നിഴലിപ്പിച്ചും വിശാലമായി ഒഴുകിവന്ന മഹാനദി, ഒരു നിമിഷംകൊണ്ട് തകിടംമറിഞ്ഞ് താഴത്തെ കരിമ്പാറകളിൽ പുകഞ്ഞുകൊണ്ട് കുത്തനെ കുതിച്ചുയരുന്ന ഒരു ധവളഭിത്തിയായി മാറുന്നു. തിരശ്ചീനമായി പ്രവഹിച്ച നദി ലംബമായിത്തീരുന്നു. കരയിൽനിന്നു കരയിലേക്കു പടർന്നുകിടന്ന നീല ജലപ്പരപ്പ് ഒറ്റ നിമിഷത്തിൽ ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽ നിന്ന് പൊങ്ങുന്ന പുകമഞ്ഞിൻകോട്ടയായിത്തീരുന്നു. വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും





2D72QF

താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു. ജലകണികകളുടെ ഈ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു. വെള്ളച്ചാട്ടം വായുവിൽ തങ്ങിനിൽക്കുന്ന മരീചികയല്ല എന്ന് നമുക്ക് മനസ്സിലാകുന്നത് അടിയിലെ കറുത്ത ആഗ്നേയശിലകളിൽ മുപ്പത്തിമൂന്നുകോടി എഴുപത്തഞ്ചു ലക്ഷം ലിറ്റർ ജലം ഒരു മിനിറ്റിൽ അടിച്ചുതകർന്ന് ക്ഷുഭിതവ്യാളങ്ങളെപ്പോലെ വഴിപിരിഞ്ഞ് പാറയിടുക്കുകളിൽ പതഞ്ഞുപുളയുന്നതു കാണുമ്പോഴാണ്.

വിക്ടോറിയാ വെള്ളച്ചാട്ടത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയത് നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്കു പിടിതരുന്നില്ല എന്നതാണ്. അതേസമയം അതിൽനിന്ന് കണ്ണുപറിക്കാൻ അതു നമ്മെ അനുവദിക്കുകയുമില്ല. പൊറ്റെക്കാട്ട് ഏതാണ്ട് ഇതേ അനുഭവം വിവരിക്കുന്നുണ്ട്: “അവിടെയെല്ലാം ഒന്നു ചുറ്റിനടന്നതുകൊണ്ട് വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ ‘ഭാഷ’ നമുക്ക് ഗ്രഹിക്കുവാൻ കഴിയുമോ എന്നു സംശയമാണ്.” നമ്മുടെ ഇന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്ന തിരിച്ചറിവിന്റെ ഭാഷകൾക്കു പുറത്താണ് വിക്ടോറിയാ ജലപാതത്തിന്റെ നിൽപ്പ്. ഒരുപക്ഷേ, അഗ്നിപർവതസ്ഫോടനം, പ്രളയം, കൊടുങ്കാറ്റ് തുടങ്ങിയ ഭീകര ഭൗമികപ്രതിഭാസങ്ങൾക്കു മുമ്പിലും നമുക്ക് അവയെ ഉൾക്കൊള്ളാനുള്ള ഇതേപോലെയുള്ള ശേഷിയില്ലായ്മ അനുഭവപ്പെട്ടേക്കാം. പക്ഷേ, വിക്ടോറിയാ വെള്ളച്ചാട്ടം നമ്മെ അവയെപ്പോലെ ഭീഷണിപ്പെടുത്തുന്നില്ല. എന്നാൽ, ഇല്ലെന്ന് പൂർണമായും പറയാനാവില്ല. കാരണം, ഗർത്തത്തിന്റെ അടിത്തട്ടിൽ ജലപാതം തല്ലിച്ചിതറുന്ന മിനുത്ത കൃഷ്ണശിലകളിലേക്കു നോക്കി നിൽക്കുമ്പോൾ എന്നെ ഭയാനകമായ എന്തോ ഒന്ന് പിടിച്ചുകുലുക്കി. എന്തായിരിക്കാം, ഞാനാലോചിച്ചു, വീഴുന്ന 33 കോടി ലിറ്റർ വെള്ളവും അടിയിലെ കല്ലും കൂടിച്ചേരുന്ന ബിന്ദുവിലെ

രക്തം കട്ടിയാക്കുന്ന യാഥാർഥ്യം? എന്തായിരിക്കാം പിളർപ്പിന്റെ വക്കിൽനിന്ന് 350 അടി താഴെയുള്ള പാതാളത്തിലേക്ക് ഊർന്നുവീഴുന്ന ധവളധാരയുടെ സൗന്ദര്യത്തിനുള്ളിലെ ഭീകരസത്യം? പക്ഷേ, നമ്മെ കിടിലംകൊള്ളിച്ചുകൊണ്ടുതന്നെ വെള്ളച്ചാട്ടം അതിന്റെ അമ്പരപ്പിക്കുന്ന അഴകുകൊണ്ട് ആലിംഗനം ചെയ്യുകയും കോരിത്തരിപ്പിക്കുകയും ചെയ്യുന്നു, അന്തർമുഖരെ ധ്യാനത്തിലേക്ക് നയിക്കുന്നു. പൊറ്റെക്കാട്ട് എഴുതി: "എതിരെ വെള്ളച്ചാട്ടവും നോക്കിക്കൊണ്ട് ആ മഴക്കാട്ടിലെ ഒരു വള്ളിക്കുടിലിൽ ഞാൻ കഴിച്ചുകൂട്ടിയ മണിക്കൂറുകൾ മറക്കാവുന്നവയല്ല."

വാസ്തവത്തിൽ, 1700 മീറ്റർ വീതിയുള്ള പിളർപ്പിലൂടെ വീഴുന്നത് പല വെള്ളച്ചാട്ടങ്ങളാണ്, ഒറ്റപ്പാളിവെള്ളമല്ല. കാരണം, പിളർപ്പിലേക്കെത്തുന്നതിനു തൊട്ടുമുമ്പുവരെ നദിയിൽ തുരുത്തുകളുണ്ട്. അവ ഒഴുക്കിനെ പലതായി കീറിയാണ് പിളർപ്പിലേക്കു വിടുന്നത്. വലുപ്പംകൊണ്ടും ഭംഗികൊണ്ടും ഏറ്റവും സുപ്രസിദ്ധങ്ങളായവയ്ക്ക് 1800 അടിയും 970 അടിയുമാണ് വീതി. എന്നെ ഏറ്റവും അതിശയിപ്പിച്ച ഒരു വസ്തുതയുണ്ട്. ആഫ്രിക്കൻ സമതലങ്ങളുടെ നിരപ്പ് ഏതാണ്ട് പരിപൂർണമായതിനാൽ, അല്ലെങ്കിൽ അവയുടെ ചരിവ് അതിസൂക്ഷ്മമാകയാൽ, നദികളുടെ ഒഴുക്കും അതിസാവധാനമാണ്. ഒരിലയിട്ട് നോക്കിയിരുന്നാലേ ഒഴുക്ക് മനസ്സിലാക്കാൻ സാധിക്കൂ. വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ വക്കിലെത്തുംവരെ സാംബസി നദിയുടെ അവസ്ഥ ഏതാണ്ട് ഇതാണ്. ഒഴുക്ക് കാണാനില്ല. പെട്ടെന്നിതാ, തുരുത്തുകളും പാറക്കെട്ടുകളും നിറഞ്ഞ ആ വൻജലപ്പരപ്പ് താഴേക്ക് തലകുത്തി മറിയുന്നു.

വെള്ളച്ചാട്ടത്തിന് കഷ്ടിച്ച് 500 മീറ്റർ മുകളിൽ ഞാൻ എന്റെ ഗൈഡുകളോടൊപ്പം നദിയിലിറങ്ങി കുളിച്ചു. നമ്മുടെ നാടൻപുഴയിലെപ്പോലെ പാറകൾക്കും പുൽത്തുരുത്തുകൾക്കുമിടയിൽ ശാന്തമായി കിടക്കുന്ന തെളിഞ്ഞ വെള്ളം. എന്റെ ഗൈഡ് മൈക്കളും അവന്റെ സുഹൃത്ത് വാഷിങ്ടണും ഞാനുമൊത്ത് ആ ഇളംചൂടുള്ള വെള്ളത്തിൽ വളരെ സമയം ചാടിക്കുളിച്ചു. താഴെനിന്ന് വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം പോലെയുള്ള ഗർജനം കേൾക്കാം. ഞങ്ങൾ മുങ്ങിക്കിടക്കുന്ന ആ തെളിനീരാണ് തൊട്ടുതാഴെ ഭൂമിയിലെ ഏറ്റവും വലിയ ജലപാതമായി മാറുന്നതെന്നു വിശ്വസിക്കാൻ വിഷമം തോന്നി. കുളിക്കാനായി വെള്ളച്ചാട്ടത്തിനു തൊട്ടുപിന്നിലുള്ള സ്ഥലം തിരഞ്ഞെടുത്തതിനും കാരണമുണ്ട്. അവിടെനിന്ന് ഒരു കിലോമീറ്ററിനു മുകളിൽ പോലും സാംബസിയിലെ വെള്ളത്തിൽ കുളിക്കുക പോട്ടെ, കൈയോ കാലോ മുക്കുന്നതുപോലും അപകടമാണ്. ഒറ്റ കടിക്ക് നമ്മളോ നമ്മുടെ പ്രിയപ്പെട്ട അവയവങ്ങളോ എന്നന്നേക്കുമായി ചീങ്കണ്ണികളുടെ ദന്താരണ്യനിബിഡമായ നീളൻ വായിലേക്ക് അപ്രത്യക്ഷമാകും. ഹിപ്പോകളുമുണ്ട് വെള്ളത്തിൽ. അവ മാംസഭോജികളല്ല. അവ നമ്മെ വധിക്കുന്നത് വെറും വിരസതകൊണ്ടു മാത്രം. പച്ചക്കറിയും കഴിച്ച് തുറിച്ച രണ്ടു കണ്ണുകൾ മാത്രം വെള്ളത്തിനു മുകളിൽ കാണിച്ച് മുങ്ങിക്കിടന്നുകൊണ്ടേയിരിക്കുമ്പോൾ ആർക്കാണ് ലോകത്തോട് വെറുപ്പു തോന്നാതിരിക്കുക? പക്ഷേ, ഇക്കൂട്ടർക്കെല്ലാം എന്തോ അദ്ഭുതകരമായ ബോധജ്ഞാനത്തിലൂടെ, കുറച്ചു താഴെ തങ്ങളെ കാത്തിരിക്കുന്ന എടുത്തുചാട്ടത്തെപ്പറ്റി അറിയാമെന്നതിനാൽ, ജലപാതത്തിന് തൊട്ടുപിന്നിലുള്ള ഭാഗം നമുക്കു സുരക്ഷിതമാണ്. മീനുകളെ ഞാൻ കണ്ടു. പക്ഷേ, അവപോലും വെള്ളച്ചാട്ടത്തിനു പിന്നിൽ എവിടെയോ ഒരു ലക്ഷ്മണരേഖ വരച്ചായിരിക്കണം ജീവിക്കുന്നത്.

വിക്ടോറിയാ വെള്ളച്ചാട്ടമിരിക്കുന്നത് ബോട്സ്വാന, സാംബിയ, സിംബാബ്‌വേ എന്നീ മൂന്നു രാജ്യങ്ങൾ ചേർന്നുണ്ടാക്കിയ കോണിലാണ്. ഈ ഭാഗത്ത് സാംബസിനദി തന്നെയാണ് മൂന്നു രാജ്യങ്ങളുടെയും അതിർത്തി. നദിയുടെ മധ്യത്തിലൂടെയും വെള്ളച്ചാട്ടത്തിന്റെ നടുവിലൂടെയും അതിർത്തിരേഖ കടന്നുപോകുന്നു. എന്നാൽ വെള്ളച്ചാട്ടത്തിനു കുറേ പിന്നിൽ ബോട്സ്വാന അവസാനിക്കുന്നതിനാൽ വെള്ളച്ചാട്ടത്തെ പങ്കുവയ്ക്കുന്നത് സിംബാബ്‌വേയും സാംബിയയും മാത്രമാണ്. ഞാൻ സിംബാബ്‌വേ വശത്തുനിന്നാണ് വെള്ളച്ചാട്ടം കണ്ടത്. അകലെ സാംബിയയുടെ വശത്ത് വിനോദസഞ്ചാരികൾ നിൽക്കുന്നത് നമുക്ക് ഇവിടെനിന്നു കാണാം. പ്രതിവർഷം കോടാനുകോടി ഡോളറിന്റെ ആദായമുണ്ടാക്കുന്ന വെള്ളച്ചാട്ടത്തെ ഇരുരാജ്യങ്ങളും സൗഹാർദപരമായി പങ്കിടുകയാണ്! ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നുകളഞ്ഞു.
സാംബിയയുടെ ഭാഗത്തുനിന്ന് വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ അവിസ്മരണീയമായ മറ്റു ദൃശ്യങ്ങൾ ലഭിക്കുന്നു എന്നു മാത്രമല്ല, നദി ഗർത്തത്തിൽ പതിച്ചതിനുശേഷമുള്ള അതിന്റെ ഭീകരപരിണാമങ്ങൾ ഇവിടെയാണ് കാണാൻ കഴിയുക. പൊറ്റെക്കാട്ട് അതിനെ വിവരിക്കുന്നത് ഇങ്ങനെയാണ്: "വീഴ്ചപറ്റിയ സാംബസി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു; എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽ കണ്ട അളയിലേക്ക് ഇഴഞ്ഞുപോവുകയും ചെയ്യുന്നു... വെള്ളച്ചാട്ടങ്ങളുടെ തിക്കും തിരക്കും കോലാഹലങ്ങളുമെല്ലാം കഴിഞ്ഞു. നാലു വെള്ളച്ചാട്ടങ്ങളിൽനിന്നുമുള്ള വെള്ളം മുഴുവൻ ഒന്നായി തിളച്ചുമറഞ്ഞു നുരച്ചിരമ്പിക്കൊണ്ട് താഴെ വിശാലമായ ഒരു കൊട്ടത്തളത്തിൽ വന്നുചേരുന്നു. ഇവിടെവച്ചാണ് നദി വീണ്ടും പാറപ്പിളർപ്പുകളിലൂടെ പ്രയാണം തുടരുന്നത്." എന്റെ ഗൈഡ് മൈക്കളിന്റെ സുഹൃത്ത് വാഷിങ്ടൺ എന്നോട് പറഞ്ഞു: "ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയാ വെള്ളച്ചാട്ടം 'കണ്ടുപിടിച്ചു' എന്നു പറയുന്നത് എന്തൊരു അസംബന്ധമാണ്. ലിവിങ്സ്റ്റൺ കാണുന്നതിനുമുമ്പ് എത്രയോ ആയിരം വർഷങ്ങളായി ആഫ്രിക്കക്കാർക്ക് ഈ വെള്ളച്ചാട്ടം അറിയാമായിരുന്നു. വെള്ളക്കാരന്റെ കണ്ണുപതിക്കുന്നത് മാത്രമേ 'കണ്ടുപിടിത്ത'മാവുകയുള്ളോ?" വാഷിങ്ടൺ പറഞ്ഞത് 100 ശതമാനം ശരിയാണ്. കൊളോണിയലിസത്തിന്റെ അവകാശവാദങ്ങളുടെ ഭാഗമാണ് ഇത്തരം 'കണ്ടുപിടിത്ത'ചരിത്രങ്ങൾ. പക്ഷേ, പ്രകൃതിയുടെ പ്രതിഭാസങ്ങളെ അപകടങ്ങൾ തരണംചെയ്ത് അന്വേഷിച്ചു പോകാനുള്ള പ്രേരണ വെള്ളക്കാരനുണ്ടായിരുന്നുവെന്നതും വാസ്തവമാണ്. അവന്റെ 'കണ്ടുപിടിത്ത'ങ്ങളെ ലോകപ്രസിദ്ധമാക്കാനും അവനറിയാമായിരുന്നു.

ലിവിങ്സ്റ്റൺ ആഫ്രിക്കയിലൂടെ 20 വർഷങ്ങൾ സാഹസികസഞ്ചാരിയായും മിഷണറിയായും അലഞ്ഞു. ആ കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായ പര്യാടകനായി ആഗോളകീർത്തി നേടി. കിഴക്കനാഫ്രിക്കയുടെ അന്തർഭാഗങ്ങളിൽ ആദ്യമായി പതിഞ്ഞ വെള്ളക്കാരന്റെ കാലടികൾ അദ്ദേഹത്തിന്റേതായിരുന്നു. ലിവിങ്സ്റ്റൺ 1855 നവംബർ 16-ന് നാട്ടുകാർ "മോസി ഒ ആ ടുന്യാ" അഥവാ "ശബ്ദമുള്ള പുകയുള്ളിടം" എന്ന് വിളിച്ചിരുന്ന വെള്ളച്ചാട്ടത്തിന്മേൽ ദൃഷ്ടി പതിപ്പിച്ചു. "ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗനസഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളൂ." ലിവിങ്സ്റ്റൺ തന്റെ കുറിപ്പുകളിലെഴുതി.

ഒരു ആഫ്രിക്കൻ യാത്ര
(സക്കറിയ)

2DFXS3

- "വിക്ടോറിയാ വെള്ളച്ചാട്ടത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയത്, നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടിതരുന്നില്ല എന്നതാണ്. അതേസമയം അതിൽ നിന്നു കണ്ണുപറിക്കാൻ അതു നമ്മെ അനുവദിക്കുകയുമില്ല."

  കാഴ്ചകൾ യാത്രികനെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു? പാഠഭാഗം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം കുറിക്കുക.

- "വീഴ്ചപറ്റിയ സാംബസി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു. എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുൻപിൽ കണ്ട അളയിലേക്ക് ഇഴഞ്ഞുപോവുകയും ചെയ്യുന്നു."

  \- എസ്.കെ.പൊറ്റെക്കാട്ട്

  "വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു. ജലകണികകളുടെ ഈ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു." - സക്കറിയ

  കാഴ്ചകളെ വായനക്കാരുടേതുകൂടിയാക്കുന്ന മാസ്മരികത വാക്കുകൾകൊണ്ട് സൃഷ്ടിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക. ഇത്തരത്തിൽ നിങ്ങൾ യാത്രയ്ക്കിടയിൽ കണ്ട കാഴ്ചകൾ ഹൃദ്യമായി അവതരിപ്പിക്കൂ.

- സഞ്ചാരസാഹിത്യമെന്നാൽ കേവലം കണ്ട കാഴ്ചകളുടെ വിവരണം മാത്രമല്ല, ഗൗരവപൂർണമായ സാമൂഹിക-സാംസ്കാരിക വിശകലനംകൂടി അവയിലുൾച്ചേരുന്നുണ്ട്. താഴെ നൽകിയ സൂചനകളും പാഠഭാഗവും ആസ്പദമാക്കി പ്രസ്താവന വിലയിരുത്തുക.
  - "വെള്ളക്കാരന്റെ കണ്ണുപതിക്കുന്നത് മാത്രമേ കണ്ടുപിടിത്തമാവുകയുള്ളോ?"
  - "കൊളോണിയലിസത്തിന്റെ അവകാശവാദങ്ങളുടെ ഭാഗമാണ് ഇത്തരം കണ്ടുപിടിത്തചരിത്രങ്ങൾ"

- നിങ്ങളുടെ നാടിനെ പരിചയപ്പെടുത്തുന്ന, രണ്ടോ മൂന്നോ മിനിട്ട് ദൈർഘ്യമുള്ള വീഡിയോ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

- കടലും മലയും പുഴയും വെള്ളച്ചാട്ടങ്ങളുമെല്ലാം സഞ്ചാരികളുടെ മനസ്സിന് എന്നും കുളിരു പകരുന്നവയാണ്. എന്നാൽ ഒരു നിമിഷത്തെ അശ്രദ്ധ ഈ സന്തോഷങ്ങളെ സങ്കടങ്ങളാക്കിത്തീർക്കുന്നതും നമ്മൾ കാണുന്നുണ്ട്. ഇതൊഴിവാക്കാനായി സന്ദർശകരുടെയും പരിസ്ഥിതിയുടെയും സുസ്ഥിതിക്കായി ചില നിയമങ്ങൾ ശ്രദ്ധാപൂർവം പാലിക്കപ്പെടേണ്ടതില്ലേ? അവ എന്തെല്ലാമാണ്? ചർച്ചചെയ്ത് 'വിനോദസഞ്ചാരമേഖലകളിലെ സുരക്ഷ' എന്ന വിഷയത്തെക്കുറിച്ച് ലഘുലേഖ തയാറാക്കുക.

'പരിസ്ഥിതിയും സാഹിത്യവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക. ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുമല്ലോ.

*വിഷയസൂചനകൾ*

- കവിതയും പരിസ്ഥിതിയും
- കഥയും പരിസ്ഥിതിയും
- സഞ്ചാരസാഹിത്യവും പരിസ്ഥിതിയും
-
-